ഓണക്കാല വിൽപ്പന

# 200 കോടി ലക്ഷ്യമിട്ട് ഗോദ്റെജ് അപ്ലെയൻസസ്

## ദിവസേന ഒരു ലക്ഷം രൂപ വിലമതിക്കുന്ന സ്വർണം നേടാനുള്ള അവസരം ഉൾപ്പെടെയുള്ള ഉത്സവകാല പദ്ധതികൾ പ്രഖ്യാപിച്ചു

**കൊച്ചി:** മലയാളികളുടെ ദേശീയോൽസവത്തെ വരവേൽക്കാൻ വൻ ഓഫറുകളുമായി രാജ്യത്തെ മുൻനിര ഗൃഹോപകരണ നിർമാതാക്കളായ ഗോദ്റെജ് അപ്ലെയൻസസ്. ഏറ്റവും നവീന സാങ്കേതിക വിദ്യകൾ അടിസ്ഥാനമാക്കിയുള്ള വാഷിംഗ് മെഷീൻ, റഫ്രിജറേറ്ററുകൾ, മൈക്രോവേവ് ഓവനുകൾ, ചെസ്റ്റ് ഫ്രീസറുകൾ എന്നീ പ്രീമിയം ഉൽപ്പന്നങ്ങൾ ഓണത്തോടനുബന്ധിച്ച് ഗോദ്റെജ് അപ്ലെയൻസസ് പുറത്തിറക്കുന്നു. ഓണത്തിന് 200 കോടി രൂപയുടെ വിൽപ്പനയാണ് കേരളത്തിൽ നിന്നും ഗോദ്റെജ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ വിൽപ്പനയിൽ 30 ശതമാനം വർധനയാണ് പ്രതീക്ഷിക്കുന്നത്. നിരവധി ആകർഷകമായ ഓഫറുകളും ഗോദ്റെജ് പ്രഖ്യാപിച്ചിട്ടുണ്ട്. 1 ലക്ഷം രൂപ വില മതിക്കുന്ന സ്വർണം ഉൾപ്പെടെയാണ് സമ്മാനപദ്ധതികൾ അവതരിപ്പിച്ചിരിക്കുന്നത്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി കൂടുതൽ മൂല്യമുള്ള ഓഫറുകൾ നൽകുന്നതിനാണ് ഗോദ്റെജ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഗോദ്റെജിന്റെ തൊപ്പിയിൽ മറ്റൊരു പൊൻതൂവൽ കൂടി ചാർത്തിക്കൊണ്ട് പ്രീമിയം സബ് ബ്രാൻഡായ ഗോദ്റെജ് എൻഎക്സ്ഡബ്ല്യുവിൽ പുതിയൊരു റഫ്രിജറേറ്റർ കൂടി അവതരിപ്പിക്കുകയാണ് ഗോദ്റെജ്. റഫ്രിജറേറ്ററിന്റെ അടി ഭാഗത്തും ഫ്രീസറുള്ളതും കൂടുതൽ സ്ഥല സൗകര്യവുമുള്ള ബോട്ടം മൗണ്ടഡ് റഫ്രിജറേറ്ററായ ഇതിന് ഇൻവർട്ടർ കംപ്രസറാണ് കരുത്ത് പകരുന്നത്. ഗ്ലാസ് പതിച്ച ഡോർ സഹിതമെത്തുന്ന റഫ്രിജറേറ്ററിന് മനോഹരമായ ഡിസൈനാണ് ഗോദ്റെജ് നൽകിയിരിക്കുന്നത്.

മൈക്രോവേവ് ഓവൻ വിപണിയിൽ പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി 11 മൈക്രോവേവ് ഓവനുകൾ കൂടി ഗോദ്റെജ് പുറത്തിറക്കിയിട്ടുണ്ട്. ഹെൽത്ത് ഫ്രൈ, ഹെൽത്തി ബ്രെഡ് ബാസ്കറ്റ്, ഹെൽത്തി ഇന്ത്യൻ തഡ്ക്ക എന്നിങ്ങനെ ആരോഗ്യകരമായ പാചകത്തിന് വഴിയൊരുക്കുകയാണ് പുതിയ മൈക്രോവേവ് ഓവനുകളിലൂടെ ഗോദ്റെജ് ലക്ഷ്യമിടുന്നത്.

ഫുള്ളി ഓട്ടോമാറ്റിക്ക് ടോപ്പ് ലോഡിലുള്ള പുതിയ അല്ല്യൂർ സീരീസ് ആണ് വാഷിംഗ് മെഷീൻ വിഭാഗത്തിൽ പുറത്തിറക്കിയിരിക്കുന്നത്. റോളർ കോസ്റ്റർ വാഷ് സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയാണ് ഇത് പ്രവർത്തിക്കുന്നത്. മൂന്ന് വ്യത്യസ്ത തരത്തിൽ പെട്ട റോളർകോസ്റ്റർ സാങ്കേതിക വിദ്യയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അക്വാ ജെറ്റ് പൾസേറ്റർ, ഗ്രാവിറ്റി ഡ്രം കാന്റൂർ ഡിസൈൻ, കാസ്കേഡിംഗ് വാട്ടർഫാൾ ഇഫക്റ്റ് എന്നിവ തുണിയിലെ കറകൾ നീക്കാൻ സഹായിക്കുന്നു. സാധാരണ വസ്ത്രം അലക്കുന്നതിനേക്കാൾ 44 ലിറ്റർ കുറച്ചു വെള്ളം മാത്രമേ ഈ വാഷിംഗ് മെഷീന് ആവശ്യമുള്ളു. ഇതിലുള്ള ഇകോ മോഡ് ആണ് ജല ഉപയോഗം കുറക്കാൻ സഹായിക്കുന്നത്. ഫ്ളക്സി വാഷ് സംവിധാനം കസ്റ്റമൈസ്ഡ് വാഷിംഗിനും സഹായിക്കുന്നു. വാഷിംഗ് മെഷീനിലെ കൺട്രോൾ പാനൽ പൂർണമായും വാട്ടർ റെസിസ്റ്റന്റാണ്.

ചെസ്റ്റ് ഫ്രീസർ വിപണിയിലേക്ക് പുതിയ ഉൽപ്പന്നം കൂടി ഗോദ്റെജ് അവതരിപ്പിക്കുകയാണ്. ഫ്രീസർ – കൂളർ കൺവെർട്ട് ആണ് ഗോദ്റെജിന്റെ പുതിയ ചെസ്റ്റ് ഫ്രീസർ. ഫ്രീസറിൽ നിന്ന് കൂളറിലേക്കും, തിരിച്ചും സ്വിച്ച് ചെയ്യാനുള്ള സംവിധാനം ഇതിലുണ്ട്. ഗോദ്റെജിന്റെ എല്ലാ ചെസ്റ്റ് ഫ്രീസർ മോഡലുകളും ഏറ്റവും കുറച്ച് വൈദ്യുതി മാത്രം ഉപയോഗിച്ച് പ്രവർത്തിക്കുന്നതാണ്. പരമാവധി തണുപ്പും 40 ശതമാനം അധികം ഊർജ്ജ സംരക്ഷണവും ഗോദ്റെജ് ചെസ്റ്റ് ഫ്രീസറുകൾ വാഗ്ദാനം ചെയ്യുന്നു. ഇത്തരത്തിൽ വാർഷികാടിസ്ഥാനത്തിൽ 5000 രൂപ വരെ മൂല്യമുള്ള വൈദ്യുതി ലാഭിക്കാം. ആർ290, ആർ600എ എന്നിവ രാജ്യത്തെ ഏറ്റവും അധികം പ്രകൃതി സൗഹൃദമായ ചെസ്റ്റ് ഫ്രീസറുകൾ കൂടിയാണ്. ഓസോണിനെ ബാധിക്കുന്ന ഒന്നും ഇവ പുറത്തുവിടുന്നില്ല.



ഗോദ്റെജ് അപ്ലെയൻസസിന്റെ ഓണം ഓഫർ പ്രഖ്യാപനച്ചടങ്ങിൽ സോണൽ ബിസിനസ് മേധാവി ജുനൈത് ബാബു, നാഷണൽ സെയിൽസ് ഹെഡ് സഞ്ജീവ് ജെയിൻ തുടങ്ങിയവർ

പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നതിലൂടെ സാങ്കേതിക വിദ്യയുടെ പുനർ നിർവചനത്തിനും പുതിയ പ്രീമിയം ഉൽപ്പന്നങ്ങളുടെ നിര ശക്തിപ്പെടുന്നതിനും ഗോദ്റെജിന് സാധിച്ചിട്ടുണ്ട്. ഈ ഓണത്തിന് ഗോദ്റെജ് ഉൽപ്പന്നങ്ങൾ വാങ്ങുന്നതിലൂടെ 1 ലക്ഷം രൂപയുടെ സമ്മാനങ്ങൾ നേടാനും ഉപഭോക്താക്കൾക്ക് സാധിക്കും. സ്ക്രാച്ച്, എസ്എംഎസ് എന്നിവയിലൂടെ ദിവസവും സമ്മാനങ്ങൾ ഉണ്ട്.

കേരളം ഗോദ്റെജിനെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള ഒരു വിപണിയാണെന്നും ദീർഘകാലമായി കേരളത്തിലെ ജനങ്ങളുടെ പിന്തുണ ലഭിക്കുന്നുണ്ടെന്നും ഗോദ്റെജ് ബിസിനസ് ഹെഡും എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമായ കമൽ നന്തി പറഞ്ഞു.